# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ :*145

06-03-2018 ൽ മറുപടിയ്ക്ക്

## നെൽകൃഷി വികസനത്തിനായി സ്വീകരിക്കുന്ന നടപടികൾ

**ചോദ്യം**

ശ്രീ.ടി. വി. ഇബ്രാഹിം

,, എം.ഉമ്മർ

,, അബ്ദുൽ ഹമീദ് പി.

,, മഞ്ഞളാംകുഴി അലി

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ

(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തുണ്ടായ പ്രതികൂല കാലാവസ്ഥയുടെ അനന്തരഫലമായി നെല്ല് ഉല്പാദനത്തിൽ ഗണ്യമായ കുറവ് വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) | കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് ഈ നൂറ്റാണ്ടിലെ ഏറ്റവും കഠിനമായ വരൾച്ചമൂലം 2016-17 സാമ്പത്തിക വർഷം രണ്ടാം വിള കാലത്തും തുടർന്നും നെൽകൃഷി വിസ്തൃതിയിൽ ഗണ്യമായ കുറവ് ഉണ്ടായിരുന്നു. വിവിധ ജില്ലകളിലായി 36891.22 ഹെക്ടർ സ്ഥലത്ത് കൃഷിയിറക്കിയെങ്കിലും ഉണക്കു ബാധിച്ച് നഷ്ടപ്പെട്ടിരുന്നു. തിരുവനന്തപുരം ജില്ലയിൽ 36.4 ഹെക്ടർ സ്ഥലത്ത് ഞാറ്റടി തന്നെ ഉണങ്ങിപ്പോയിരുന്നു. ഇതിനുപുറമേ പാലക്കാട് ജില്ലയിൽ 13990 ഹെക്ടർ സ്ഥലത്ത് വിതയ്ക്കാൻ സാധിക്കാതെ പോകുകയും ചെയ്തു.<br>2017-18 വർഷം നാളിതുവരെ അപ്രകാരം ഉണക്ക് രേഖപ്പെടുത്തിയിട്ടില്ല. |
| (ബി) | പാടശേഖരങ്ങൾ വ്യാപകമായി മണ്ണിട്ട് നികത്തുന്നത് തടയാൻ കൃഷി വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുന്ന ഉടൻ തന്നെ നടപടി സ്വീകരിക്കുന്നതിനായി റവന്യൂ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ വരുത്തിയ പുതിയ ഭേദഗതി പ്രകാരം നെൽവയലുകൾ പരിവർത്തനപ്പെടുത്തുന്നത് ജാമ്യമില്ലാത്ത കുറ്റമായി പരിഗണിക്കുകയും തരിശിടുന്ന നെൽവയലുകൾ കൃഷി ചെയ്യുന്നതിനോ കൃഷി ചെയ്യാൻ അനുവദിക്കുന്നതിനോ ഉടമസ്ഥരെ നിർബന്ധിതരാക്കുന്നതിനും അല്ലാത്ത പക്ഷം കൃഷി ചെയ്യുന്നതിനുള്ള അവകാശം അനുവദിച്ച് നൽകുന്നതിന് റവന്യൂ അധികാരികൾക്ക് അനുവാദം നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സമഗ്ര നെൽകൃഷി വികസന പദ്ധതിയുടെ ലക്ഷ്യം നിറവേറ്റുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) | സമഗ്ര നെൽകൃഷി വികസന പദ്ധതിയ്ക്കായി നടപ്പ് സാമ്പത്തിക വർഷം 70 കോടി രൂപ വകയിരുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തരിശുനില കൃഷി, കരനെൽകൃഷി എന്നിവയിലെല്ലാം വളരെ നല്ല പ്രവർത്തനം കാഴ്ചവയ്ക്കാനും നൽകിയിരുന്ന ഭൗതിക ലക്ഷ്യത്തിൽ കൂടുതൽ കൈവരിക്കാനും കഴിഞ്ഞു. |

**സെക്ഷൻ ഓഫീസർ**